**പതിമൂന്നാം കേരള നിയമ സഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 469** **07.01.2014 ൽ മറുപടിയ്ക്ക്**

## ചാത്തന്നൂരിൽ ജോയിന്റ് ആർ.ടി ഓഫീസ്

ചോദ്യം

ശ്രീ.ജി.എസ്.ജയലാൽ

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ജോയിന്റ് ആർ.ടി.ഓഫീസുകൾ പുതുതായി അനുവദിച്ചുവെന്നും ആയത് ഏതൊക്കെ നിയോജക മണ്ഡലങ്ങളിലാണെന്നും അറിയിക്കുമോ: | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മോട്ടോർ വാഹന വകുപ്പിൽ പുതുതായി 8 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്. ഉടുമ്പൻചോല, നിലമ്പൂർ, ദേവികുളം, മാനന്തവാടി, സുൽത്താൻ ബത്തേരി കുട്ടനാട്, ചിറ്റൂർ എന്നീ നിയോജക മണ്ഡലങ്ങളിലും പാല-കടുത്തുരുത്തി-ഏറ്റുമാനൂർ നിയോജകമണ്ഡലങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ഉഴവൂരിലുമാണ് പ്രസ്തുത സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ അനുവദിച്ചിട്ടുള്ളത് |
| (ബി) | ചാത്തന്നൂർ കേന്ദ്രീകരിച്ച് ജോയിന്റ് ആർ.ടി.ഓഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ: | (ബി) യും (സി) യും | ഗതാഗത കമ്മീഷണർക്ക് നിവേദനം ലഭിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഗതാഗത കമ്മീഷണർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ചാത്തന്നൂരിൽ പ്രസ്തുത ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ